കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2000 ഡിസംബർ 19, ചൊവ്വ

വാല്യം 112] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ: 2

നിയമസഭ 2000 ഡിസംബർ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ ....., ഓർഡർ ..... ചോദ്യം നമ്പർ 31.

ഗ്രാമീണ ജലവിതരണ പദ്ധതികൾ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന നടപടി

1 (*31) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ജലവിതരണ പദ്ധതികൾ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന നടപടിയുടെ പുരോഗതി വിശദമാക്കാമോ ;

(ബി) ലോകബാങ്ക് സഹായത്തോടെ ആരംഭിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം' എന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ,

(എ) സർക്കാരിന്റെ 23-11-1998-ലെ ജി.ഒ. (എം. എസ്) നമ്പർ 125/98/ഇറി.വ. ഉത്തരവനുസരിച്ച് ഒരു പഞ്ചായത്തിൽ ഒതുങ്ങുന്ന കേരളത്തിലെ 1050 ശുദ്ധജലവിതരണ പദ്ധതികൾ നടത്തിപ്പിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് തീരുമാനിച്ചു. അതനുസരിച്ച് മലപ്പുറം ജില്ലയിലെ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ കൈമാറാൻ തീരുമാനിച്ചു. മലപ്പുറം ജില്ലയിലെ 48 പദ്ധതികൾ കൈമാറുന്നതിനാവശ്യമായ പുനഃരുദ്ധാരണ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനു വേണ്ടി ചുമതലപ്പെടുത്തിയിരുന്ന ഏജൻസിയുടെ പഠന റിപ്പോർട്ട് അനുസരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി അംഗീകാരവും നിർദ്ദേശങ്ങളും നൽകിക്കഴിഞ്ഞു. ഇതു കൂടാതെ അധികാര വികേന്ദ്രീകരണ പരിപാടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശമനുസരിച്ച് ഒരു സ്പെഷ്യൽ മോണിറ്ററിംഗ് സെൽ വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി മലപ്പുറം ജില്ലയിലെ 6 പദ്ധതികളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനൗപചാരികമായി കൈമാറിക്കഴിഞ്ഞു.

(ബി) ലോകബാങ്ക് സഹായത്തോടെ ചെറുകിടജലസേചന പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശ്യമില്ല. ലോകബാങ്ക് സഹായത്തോടെ ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് ലോകബാങ്കുമായി അവസാനഘട്ട ചർച്ച പൂർത്തിയായിക്കഴിഞ്ഞു. ഇതനുസരിച്ചുള്ള കരാർ ഡിസംബർ മാസത്തിൽ ലോകബാങ്കുമായി ഒപ്പ് വയ്ക്കുമെന്നു പ്രതീക്ഷിക്കുന്നു. ആറ് വർഷക്കാലം കൊണ്ട് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ നാലു ജില്ലകളിലെ 80 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നതാണ്. പൈലറ്റ് പ്രോജക്ട് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്ന 5 പഞ്ചായത്തുകളിൽ പ്രാരംഭ പ്രവർത്തനങ്ങൾക്കുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ഉടനേ ആരംഭിക്കുന്നതാണ്.

(സി) ഈ പദ്ധതി കേരള ജല അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ മൊത്തം ചെലവ് കണക്കാക്കിയിട്ടുള്ളത് 1423 കോടി രൂപയാണ്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 1998-99, 1999-2000, 2000-2001 എന്നീ മൂന്നു വർഷങ്ങളിലായി കേരളാ ജലഅതോറിറ്റി 128 വൻകിടപദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതികൾ പൂർത്തികരിക്കാൻ ലക്ഷ്യമിട്ടതിൽ 1998-99-ൽ 39 പദ്ധതികളും 1999-2000-ൽ 27 പദ്ധതികളും പൂർത്തീകരിച്ചു. ശേഷിക്കുന്ന 62 പദ്ധതികൾ 2000-2001-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ആവശ്യത്തിന് ധനം ലഭിക്കുകയാണെങ്കിൽ ഇവയിൽ നല്ലൊരു പങ്ക് 2001 മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി : മലേഷ്യൻ ധനസഹായത്തോടുകൂടി നമ്മുടെ സംസ്ഥാനത്ത് ജലവിതരണ പദ്ധതികൾക്ക് ധാരണയായതായി മലേഷ്യാ സന്ദർശനത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചിരുന്നു. വകുപ്പുമന്ത്രി എന്ന നിലയിൽ ഈ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; ഇപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ പത്തനംതിട്ട ജില്ലയെക്കൂടി പദ്ധതിയുടെ പരിധിയിൽപ്പെടുത്തുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും മലേഷ്യയിൽ പോയപ്പോഴാണ് ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടുള്ളത്. ചർച്ചയുടെ ഫലമായി ഒരു ജലവിതരണ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. പത്രത്തിൽ കണ്ടതല്ലാതെ വിശദമായ വിവരം ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

ശ്രീ. മാമ്മൻ മത്തായി : സർ, നെതർലാന്റ് ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി പുതിയ ജലവിതരണ പദ്ധതികൾ സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ നടപ്പാക്കുന്നതിന് നടപടിയെടുക്കുന്നതായി അറിയുന്നു. അത് ശരിയാണോ ; ഏതെല്ലാം ജില്ലകളെയാണ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; ഇതിൽ പത്തനംതിട്ട ജില്ലയെ ഉൾപ്പെടുത്തുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഇതിന് പ്രത്യേകം ചോദ്യം ഉണ്ടെങ്കിൽ മാത്രമേ വിശദാംശങ്ങൾ പ്രസ്താവിക്കാൻ കഴിയൂ.

ശ്രീ. കെ. എം. മാണി : സർ, യൂറോപ്യൻ എക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടുകൂടി നടപ്പിലാക്കിയ മൈനർ ഇറിഗേഷൻ പ്രോജക്ടുകൾ ഈ ഡിസംബർ 31-ാം തീയതി നിറുത്തൽ ചെയ്യാൻ പോകുന്നു എന്നറിയുന്നു. ഇതിന്റെ രണ്ടാം ഘട്ടത്തിന്റെ പ്രൊപ്പോസൽ വേണ്ട സമയത്ത് കൊടുക്കാത്തതുകൊണ്ട് രണ്ടാം ഘട്ടത്തിലേയ്ക്ക് നിർദ്ദേശിച്ചിരുന്ന ധനസഹായം നഷ്ടപ്പെടുമെന്നറിയുന്നു. ഈ ധനസഹായം ഉറപ്പു വരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, അതുശരിയല്ല. പദ്ധതിക്ക് അനുവദിച്ച കാലാവധി കഴിഞ്ഞു എന്നത് ശരിയാണ്. പക്ഷേ അത് എക്സ്റ്റെന്റ് ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. എക്സ്റ്റെന്റ് ചെയ്യാമെന്ന് സമ്മതിച്ച് ഉടൻതന്നെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ശ്രീ. കെ. എം. മാണി : സർ, കേന്ദ്രസഹായത്തോടുകൂടി നടപ്പാക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുണ്ട്. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്ത് നാല്പതെണ്ണം നടപ്പാക്കുന്നുണ്ട്. ഇതിന് 20 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായമായി പറയുന്നത്. 60 ശതമാനമെങ്കിലും പണി പൂർത്തിയാക്കിയെങ്കിൽ മാത്രമേ സെക്കന്റ് ഇൻസ്റ്റാൾമെന്റ് കിട്ടുകയുള്ളൂ. ഇവിടുത്തെ ഈ 40 പദ്ധതികളെ സംബന്ധിച്ചടത്തോളം 10 ശതമാനം പോലും

പ്രവർത്തനപുരോഗതി ഇല്ലാത്തതിന്റെ പേരിൽ രണ്ടാമത്തെ ഗഡു കിട്ടാൻ പോകുന്നില്ല, അത് നഷ്ടപ്പെടാൻ പോകുന്നു എന്ന് കേൾക്കുന്നു. ഈ കേന്ദ്ര സഹായം നഷ്ടപ്പെടാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ബഹുമാനപ്പെട്ട മെമ്പർക്ക് ഈ റിപ്പോർട്ട് എവിടെനിന്നു കിട്ടിയെന്ന് എനിക്കറിയില്ല. കേന്ദ്രസഹായം നഷ്ടപ്പെടാൻ പോകുന്നില്ല. ഗവൺമെന്റ് അനുവദിച്ച 40 പദ്ധതികൾക്ക് സ്ഥലം കിട്ടാത്തതിന്റെ പേരിൽ കാലതാമസം വരുന്നു എന്നതൊഴിച്ചാൽ മറ്റ് ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഗ്രാമീണ ജലവിതരണപദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാൻ തീരുമാനമായി എന്നു പറഞ്ഞു. ഏതെങ്കിലും ഗ്രാമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൊണ്ട് ആവശ്യമുള്ള വെള്ളം സപ്ലൈ ചെയ്യാനുള്ള ഘട്ടത്തിലായിട്ടുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, മലപ്പുറം ജില്ലയിലെ അഞ്ചു ഗ്രാമങ്ങളാണ് സെലക്ട് ചെയ്തിട്ടുള്ളത്. അതിൽ ഒന്നോ രണ്ടോ ഗ്രാമങ്ങളിലെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. അതിന്റെ ഫലം അവിടുത്തെ ജനങ്ങൾക്ക് കിട്ടിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ എം.എൽ.എമാർ, ശ്രീ. ഇസ്ഹാക് കുരിക്കൾ തന്നെ ഈ പദ്ധതിയുടെ നേട്ടങ്ങളെക്കുറിച്ച് അടുത്തകാലത്ത് സംസാരിച്ചു.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം എന്ന മുദ്രവാക്യം ഉണ്ട്. എന്നാൽ രണ്ടായിരാമാണ്ടിൽ കേരളത്തിലെ മൂന്നിലൊന്ന് ജനസംഖ്യയ്ക്ക് വെള്ളം കൊടുക്കാൻ കഴിയുമോയെന്നു സംശയമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ മൂന്നു പദ്ധതികൾ പൂർത്തിയായി. എന്നാൽ രണ്ട് ഡിപ്പാർട്ടുമെന്റുകൾ യോജിക്കാത്തതു കാരണം വെള്ളം കൊടുക്കാൻ കഴിയുന്നില്ല. കറന്റ് ഉണ്ടെങ്കിൽ വെള്ളം കൊടുക്കാം. കറന്റ് കൊടുക്കാൻ എന്തോ തടസ്സം. അത് വാങ്ങാൻ ഇവർക്ക് എന്തോ വിഷമം. ഇതു രണ്ടും ചെയ്തിരുന്നുവെങ്കിൽ എന്റെ നിയോജകമണ്ഡലത്തിലെ 1991-ൽ തുടങ്ങിയ മൂന്നു വലിയ പദ്ധതികൾ - പത്തു വർഷം അതിന്റെ പിന്നാലെ നടന്നിട്ടും വെള്ളം കൊടുക്കാൻ നിവൃത്തിയില്ലെങ്കിൽ ആ പദ്ധതികളെക്കുറിച്ച് പറഞ്ഞിട്ടു കാര്യമില്ല. ഈ മൂന്നു പദ്ധതികൾ ഈ വർഷത്തിൽ നടപ്പാകുമോയെന്ന് അറിഞ്ഞാൽ മതി.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന ഒരു പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്തതാണ്. അതുപ്രകാരമാണ് 128 പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഇനി പൂർത്തീകരിക്കാൻ ഒട്ടേറെ പദ്ധതികളുണ്ട്. അവ 2000-2001-ൽ പൂർത്തീകരിക്കും. ഇവിടെ പറഞ്ഞ മൂന്നു പദ്ധതികൾ ഏതാണെന്നറിയില്ല. അത് സംബന്ധിച്ച് പ്രത്യേക ചോദ്യം ചോദിച്ചാൽ മറുപടി തരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അഞ്ചും ആറും കൊല്ലങ്ങൾക്കുമുൻപേ പ്രവൃത്തി തുടങ്ങിയതും പൂർത്തിയാകാത്തതുമായ ശുദ്ധജല വിതരണപദ്ധതികൾ വാട്ടർ അതോറിറ്റിയുടെ കൈയിലുണ്ട്. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡത്തിലെ ചെനപ്പാറക്കുന്ന് ശുദ്ധജല വിതരണപദ്ധതി. എന്നാൽ ഇനി ഗ്രാമ പഞ്ചായത്തുകൾക്ക് അവ വിട്ടു കൊടുക്കുന്നതുകൊണ്ട്, ഈ പദ്ധതികൾ വളരെവേഗം പൂർത്തിയാക്കി കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, അതാതു പഞ്ചായത്തുകളിലുള്ള ജലവിതരണപദ്ധതികളുടെ പണി പൂർത്തിയാക്കിയിട്ടാണ് അവ ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കാറുള്ളത്. അങ്ങനെ ഇപ്പോൾ കുറേയെണ്ണം സെലക്ട് ചെയ്ത് പടിപടിയായി പണിപൂർത്തിയാകുന്നത് അനുസരിച്ച് ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ നിർദ്ദേശിച്ച ആ പദ്ധതിയെപ്പറ്റി പരിശോധിച്ച് അത് വളരെ വേഗം പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ലോകബാങ്കിന്റെ സഹായത്തോടുകൂടി 6 ശുദ്ധജലവിതരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. അതിൽ ചിലത് പൂർത്തിയായി; ചിലത് കമ്മിഷൻ ചെയ്യുകയും ചെയ്തു. അതിലൊന്ന് അടൂർ ആന്റ് സബർബ്സ് ശുദ്ധജലവിതരണ പദ്ധതിയാണ്. ആ പദ്ധതിയിൽ നിന്ന് വെള്ളം കൊടുക്കാനായിട്ട് ഇപ്പോൾ ഒരു മാർഗ്ഗവുമില്ല. വെള്ളം കിട്ടുന്നുമില്ല. അതിനെ സംബന്ധിച്ച് ഒരു യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്തതിനുശേഷവും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. പത്തനംതിട്ട ജില്ലയ്ക്ക് പുറത്തുള്ള ചില സ്ഥലങ്ങളിൽ ഈ പദ്ധതിയിൽ നിന്നും വെള്ളം കൊടുക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടക്കുന്നു എന്നാണ് അറിയുന്നത്. അങ്ങ് വ്യക്തിപരമായി ഇതിന് നിർദ്ദേശം കൊടുത്തിട്ടാണ് അത് നടക്കുന്നത് എന്നാണ് ആ നാട്ടിലുള്ള സംസാരം. അങ്ങ് അങ്ങനെ ചെയ്യും എന്ന ഒരു വിശ്വാസം എനിക്കില്ല. പക്ഷേ എന്നാലും അങ്ങനെയാണ് നടക്കുന്നത് എന്നാണ് ആ നാട്ടിലുള്ള സംസാരം. അടൂർ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ആ നാട്ടുകാർക്ക് ഇപ്പോൾ വെള്ളം കൊടുക്കാനുള്ള തടസ്സങ്ങൾ മാറ്റുന്നതിനുവേണ്ടിയും ആ ശുദ്ധജല വിതരണ പദ്ധതി 100 ശതമാനം പെർഫക്ടായി കൊണ്ടു പോകുന്നതിനുവേണ്ടിയും നടപടിയെടുക്കുമോ ? വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടിയുള്ള ആ പദ്ധതി ഇപ്പോൾ പൂർണ്ണമായും വാട്ടർ അതോറിറ്റിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിലുള്ള അപാകത ഒഴിവാക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിശോധിക്കാം. പക്ഷേ അങ്ങനെ ഏതെങ്കിലും പ്രദേശത്തെ വാട്ടർ പൈപ്പുകൾ എക്സ്റ്റൻഡ് ചെയ്യുന്നത് വെള്ളത്തിന്റെ സോഴ്സ് നോക്കി മാത്രമാണ്. അല്ലാതെ എക്സ്റ്റൻഡ്

ചെയ്യാറില്ല. അല്ലാതെ ആരു ശുപാർശ ചെയ്താലും ശരി (മന്ത്രിയോ ആരായിരുന്നാലും) യാതൊരു കാരണവശാലും വെള്ളത്തിന്റെ സോഴ്സ് ഇല്ലെങ്കിൽ കൂടുതൽ സ്ഥലത്തേക്ക് എക്സ്റ്റൻഡ് ചെയ്യാറില്ല. മെമ്പർ പറഞ്ഞ പദ്ധതി എക്സ്റ്റൻഡ് ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് ഞാൻ പരിശോധിക്കാം. അടൂർ ശുദ്ധജലവിതരണപദ്ധതിയുടെ പരിധിക്കകത്തുള്ള സ്ഥലങ്ങളിൽ പൂർണ്ണമായി വെള്ളം കൊടുത്തതിനു ശേഷം അധികം വെള്ളം ഉണ്ടെങ്കിൽ മാത്രമേ മറ്റു സ്ഥലങ്ങളിലേക്ക് എക്സ്റ്റൻഡ് ചെയ്യുകയുള്ളൂ. അല്ലാതെ സോഴ്സ് ഇല്ലെങ്കിൽ എക്സ്റ്റൻഡ് ചെയ്യുന്ന പ്രശ്നമില്ല.

ശ്രീ. എ. കണാരൻ : ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ പിന്നീട് മെയിന്റനൻസ് വേണ്ടി വരുമ്പോൾ അത് നാട്ടുകാർ ചെയ്യണമെന്നു പറയുന്നത് ശരിയാണോ ? അങ്ങനെയയാണെങ്കിൽ പദ്ധതികളെല്ലാം അനാഥമായിത്തീരുകയില്ലേ ? അതിനെക്കുറിച്ച് മന്ത്രിക്ക് എന്താണ് പറയാനുള്ളത് ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ജനകീയാസൂത്രണ പരിപാടിയിൽ പഞ്ചായത്തുകൾക്ക് കൂടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അവർക്ക് അനുവദിച്ച തുകയുടെ 15 ശതമാനം അതിനുവേണ്ടി ചെലവാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പോരെങ്കിൽ പ്ലാൻ ഫണ്ടിൽ നിന്നുപോലും ഗവൺമെന്റ് ഉത്തരവില്ലാതെ തന്നെ അതാതു പഞ്ചായത്തുകൾക്ക് ശുദ്ധജലം വിതരണം നടത്തുന്നതിനാവശ്യമായ തുക ചെലവഴിക്കുന്നതിന് പഞ്ചായത്തുകൾക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്. പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന ശുദ്ധജല വിതരണപദ്ധതികളുടെ സംരക്ഷണവും ചെറിയ ചെറിയ മെയിന്റനൻസും സാധാരണയായി വാട്ടർ അതോറിറ്റിയാണ് ചെയ്യുന്നത്. എന്നാൽ ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ചെറിയ പ്രോജക്ടുകളെ പലപ്പോഴും സംരക്ഷിക്കാനും അവയുടെ മെയിന്റനൻസ് സമയത്ത് ചെയ്യാനും കഴിയുന്നില്ല എന്ന ബുദ്ധിമുട്ട് മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് ജനകീയാസൂത്രണം വഴി ഈ പദ്ധതി ജനങ്ങളുടെ വകയാണെന്ന് ബോദ്ധ്യപ്പെടുത്തിക്കൊണ്ട് അതവർ തന്നെ കൈകാര്യം ചെയ്യണം എന്നു തീരുമാനിച്ചത്. അതിന് കഴിയും എന്നുള്ളതിന് യാതൊരു സംശയവുമില്ല.

ശ്രീ. ടി. എം. ജേക്കബ്ബ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടിയിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 1050 ശുദ്ധജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചതായി പറഞ്ഞു. അതിന്റെ ആദ്യഘട്ടം എന്നുള്ള നിലയിൽ മലപ്പുറം ജില്ലയിൽ 6 പദ്ധതികളുടെ പുനഃരുദ്ധാരണ പ്രവർത്തനം നടത്തിയതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനൗപചാരികമായി കൈമാറിയെന്നു പറഞ്ഞു. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനം പൂർണ്ണമായി നടത്തുന്ന ഏറ്റവും വലിയ ശുദ്ധജലവിതരണപദ്ധതിയാണ് തൃശൂരുള്ളത്. അതുപോലെ മറ്റു കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും മറ്റും ശുദ്ധജല വിതരണ പദ്ധതികൾ ലഭിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ? ഈ പദ്ധതികൾ കൈമാറുന്ന അവസരത്തിൽ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾക്ക് വിഘാതമായി നിൽക്കുന്നത് കഴിഞ്ഞ 3 വർഷമായിട്ട് പി.വി.സി. പൈപ്പ് വാങ്ങിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാത്തതാണെന്നുള്ള ആക്ഷേപം നിരന്തരമായി ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പല കോർപ്പറേഷനുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും വാട്ടർ സപ്ലൈ സ്കീമുകൾ അവർക്ക് വിട്ടു കൊടുക്കണം എന്നുള്ള അഭിപ്രായങ്ങൾ പൊന്തി വന്നിട്ടുണ്ട്. പക്ഷേ ഗവൺമെന്റ് അതിനെ സംബന്ധിച്ച് ഇതുവരെ ഒരു തീരുമാനമെടുത്തിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പി.വി.സി. പൈപ്പിന്റെ കുറവ് ഉണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായി അത് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേറ്റ് കോൺട്രാക്ട് സിസ്റ്റത്തിൽ വാങ്ങുന്നതുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുറച്ച് കാല താമസം ഉണ്ടായിട്ടുണ്ട്. വലിയ കാലതാമസം ഇല്ലാതെ അടിയന്തിരമായി അതിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

ഡോ. കെ. സി. ജോസഫ് : ശുദ്ധജലവിതരണ പദ്ധതികൾ ലോക ബാങ്കിന്റെ സഹായത്തോടെയാണെങ്കിലും അല്ലെങ്കിലും ലക്ഷ്യമിട്ട പഞ്ചായത്തു പ്രദേശങ്ങൾക്ക് വെള്ളമെത്തിക്കുന്നതിനു മുമ്പായി മറ്റു പ്രദേശങ്ങളിലേക്ക് വെള്ളം പല കാരണങ്ങളാലും ഡൈവർട്ട് ചെയ്യപ്പെടുന്നതുകൊണ്ട് പദ്ധതികൾ അപൂർണ്ണമായിപ്പോകുകയും സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളുടെ സഹായം പിന്നീട് ലഭിക്കാതെ പോകുകയും ചെയ്യുന്നുണ്ട്. ആ വസ്തുത കണക്കിലെടുത്തുകൊണ്ട് ഏതെങ്കിലും പദ്ധതികൾ ആരംഭിക്കുമ്പോൾ ആ പദ്ധതി വിഭാവനം ചെയ്യുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിച്ചതിനുശേഷം മാത്രമേ മറ്റു പ്രദേശങ്ങളിലേക്ക് അധികമുണ്ടെങ്കിൽ ജലം കൊടുക്കുകയുള്ളൂ എന്നുള്ള തീരുമാനമെടുക്കണം. ഇനിയും എവിടെയെങ്കിലും പദ്ധതികൾ ലക്ഷ്യമിട്ട സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നത് വരെ അവിടെ നിന്നും ഡൈവർഷൻ പൂർണ്ണമായും ഒഴിവാക്കണം. ഒരു പദ്ധതിയിൽ നിന്നും ആ പദ്ധതി ലക്ഷ്യമിട്ട സ്ഥലത്തുതന്നെ വെള്ളം നൽകുമെന്ന് ഉറപ്പു നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഒരു പ്രദേശത്തിനുവേണ്ടി നിർദ്ദേശിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലവിതരണ പദ്ധതി അവിടത്തേക്കാവശ്യമായ ജല സ്രോതസ്സ് കണക്കാക്കിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. അങ്ങനെയുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. അതിനപ്പുറത്ത് മറ്റു സ്ഥലങ്ങളിലേക്ക് അത് എക്സ്റ്റന്റ് ചെയ്യാനോ മറ്റു സ്ഥലങ്ങളിലുള്ള ആളുകൾക്ക് കൊടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുമ്പോഴൊക്കെ തീർച്ചയായിട്ടും ആ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതിയുടെ സ്രോതസ്സ് പൂർണ്ണമാണെങ്കിൽ മാത്രമേ മറ്റു സ്ഥലങ്ങളിലേക്ക് ഡൈവർട്ട് ചെയ്യുകയുള്ളൂ. ഏതെങ്കിലും നിലയിൽ സ്രോതസ്സ് ഇല്ലാത്ത സ്ഥലത്ത് ഡൈവർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : ജലസേചന പദ്ധതികളിലാണെങ്കിലും കുടിവെള്ള പദ്ധതികളിലാണെങ്കിലും കാണുന്ന ഒരു പ്രായോഗികമായ ബുദ്ധിമുട്ട് അതിന്റെ സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും ഒരേ സമയത്ത് എടുക്കാറില്ല എന്നുള്ളതാണ് . രണ്ടും രണ്ടു വിഭാഗമായിട്ടാണെടുക്കുന്നത്. അതിന്റെ ഫലമെന്താണെന്നു വച്ചാൽ സിവിൽ വർക്ക് പെട്ടെന്നു കഴിയുകയും ചെയ്യും, ഇലക്ട്രിക്കൽ വർക്ക് കഴിയുകയുമില്ല. ഇലക്ട്രിക്കൽ വർക്കിന് നാലും അഞ്ചും ആറും വർഷത്തെ കാലതാമസമുണ്ടാകുന്നു. സിവിൽ വർക്ക് കഴിഞ്ഞാലും ഇലക്ട്രിക്കൽ വർക്ക് കഴിയാത്തത്കൊണ്ട് കുടിവെള്ളം എത്തിക്കാനോ ശുദ്ധജലവിതരണത്തിനോ ഈ പദ്ധതികൾക്ക് കഴിയാതെ വരുന്നു. അതു കൊണ്ട് ഇതൊരുമിച്ച് എടുക്കാനും ഇതിന്റെ പണികൾ സൈമൾട്ടേനിയസ്സായി മുന്നോട്ടുകൊണ്ടുപോകാനും വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അങ്ങനെയുള്ള ബുദ്ധിമുട്ടുണ്ടെന്ന് ഈ അടുത്തകാലത്താണ് മനസ്സിലായത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ.പി.പി. തങ്കച്ചന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഒരു പദ്ധതിയുടെ സിവിൽ വർക്ക് പൂർത്തിയാക്കിയതിനുശേഷം മൂന്നു നാലു വർഷം കഴിഞ്ഞിട്ടാണ് ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാക്കിയത്. അന്നാണ് എനിക്ക് ഈ ബുദ്ധിമുട്ട് മനസ്സിലായത്. അതിനുശേഷം ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്ത് ഇലക്ട്രിക്കൽ വർക്കിന് കാലതാമസം എടുക്കാതെ പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി ആലോചിക്കാൻ പറഞ്ഞിട്ടുണ്ട്. അതിന് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സത്യൻ മൊകേരി : ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളിൽ ഒരു ഭാഗം പഞ്ചായത്തുകൾക്ക് കൈമാറിയതായി പറയുന്നു. നിലവിലുള്ള പഞ്ചായത്തുകൾക്ക് അവരുടെ പഞ്ചായത്തിലുള്ള ജലസേചനപദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പറയുകയുണ്ടായി. പഞ്ചായത്തുകൾക്ക് ഇതിന് സാങ്കേതികമായ പരിജ്ഞാനമില്ല. ഇത് നൽകേണ്ടത് വാട്ടർ അതോറിറ്റിയാണ്. പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ കോർപ്പറേഷനുകളോ എസ്റ്റിമേറ്റ് തയ്യാറാക്കാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടാൽ യഥാസമയം എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ സഹായം വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്ന് ലഭിക്കുന്നില്ല. പല സ്ഥലങ്ങളിലും ഞങ്ങളുടെ അനുഭവം ഇതാണ്. അതുകൊണ്ട് പഞ്ചായത്തുകൾക്ക് അധികാരം നൽകി എന്നു പറഞ്ഞിട്ടു കാര്യമില്ല. സാങ്കേതികമായി കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : വാട്ടർ അതോറിറ്റി കൈയൊഴിയുന്ന രീതിയിലല്ല പഞ്ചായത്തുകൾക്ക് വിട്ടു കൊടുക്കുന്നത്. അതിന്റെ മുഴുവൻ സാങ്കേതിക സഹായവും വാട്ടർ അതോറിറ്റി തന്നെ ചെയ്തു കൊടുക്കുന്നതാണ്. അങ്ങനെ ചെയ്തു കൊടുക്കുന്നത് അതിന്റെ മെയിന്റനൻസ് പ്രവർത്തനങ്ങൾ

വളരെ വേഗം പൂർത്തിയാക്കിക്കൊടുക്കുന്നതിനു വേണ്ടിയാണ്. സാധാരണ വാട്ടർ അതോറിറ്റിയാണ് മെയിന്റനൻസിനാവശ്യമായ മെറ്റീരിയൽസ് വാങ്ങുന്നത്. ചില നടപടിക്രമങ്ങൾ ഉള്ളതുകൊണ്ട് അതിന് കാലതാമസം വരാതിരിക്കാൻ വേണ്ടി പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും എല്ലാം മെറ്റീരിയൽസ് വാങ്ങുന്നതിനുള്ള അധികാരം കൊടുത്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പെട്ടെന്ന് പെട്ടെന്ന് മെയിന്റനൻസ് പ്രവർത്തനം പൂർത്തിയാക്കാം എന്നുള്ളതുകൊണ്ട് സാങ്കേതികസഹായം എപ്പോഴും എവിടേയും കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏതെങ്കിലും ഒരു സ്ഥലത്ത് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർ നിസ്സഹകരിക്കുന്നു എന്നു ബോദ്ധ്യപ്പെടുത്തിയാൽ തീർച്ചയായും അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : ഏറ്റവും അധികം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് കാസർകോട്. ഇനി ഒരു മാസം കഴിഞ്ഞാൽ പൈപ്പിലൂടെ വിതരണം ചെയ്യപ്പെടുന്നത് ഉപ്പുവെള്ളമായിരിക്കും. അതുകൊണ്ട് വർഷങ്ങളോളമായി ഗവൺമെന്റിന്റെ പരിഗണനയിലുള്ള ബാവിക്കര റെഗുലേറ്റർ പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കുടിവെള്ളം കൂടി കിട്ടുന്ന പദ്ധതിയാണ് ബാവിക്കര പദ്ധതി. അതിന്റെ വിശദാംശങ്ങളൊക്കെ എനിക്കറിയാം. അത് ഉടനടി നടപ്പിലാക്കുന്നതിന് താൽപ്പര്യവുമുണ്ട്. പക്ഷേ സാമ്പത്തികമായ ചില പ്രശ്നങ്ങളുള്ളതുകൊണ്ടാണ് അത് അതിവേഗം പൂർത്തീകരിക്കാൻ കഴിയാത്തത്.

ശ്രീ. ജി. സുധാകരൻ : 'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം' എന്ന പദ്ധതിയുടെ ഭാഗമാണെന്നു പറഞ്ഞുകൊണ്ട് 1997-ൽ ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്കുകളെ പൂർണ്ണമായി ഉൾപ്പെടുത്തി, ഈ താലൂക്കുകളിലെ ജലത്തിന് സലൈനിറ്റി ഏറ്റവും കൂടുതലായതുകൊണ്ട് ശുദ്ധ ജലം വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഒരു പ്രോജക്ട് തയ്യാറാക്കിയതായി അറിവുണ്ട്. പ്രോജക്ടിന്റെ കോപ്പി ഞാനും കണ്ടതാണ്. പക്ഷേ അതുസംബന്ധിച്ച് ഇപ്പോൾ യാതൊരു വിവരവുമില്ലാത്ത സ്ഥിതിക്ക് രണ്ടായിരാമാണ്ട് അവസാനിക്കാൻ ഏതാനും ദിവസങ്ങൾ മാത്രം അവശേഷിക്കേ ഇപ്പോൾ അതിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ? രണ്ടായിരത്തിയൊന്നാമാണ്ടിലെങ്കിലും ആ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ആലപ്പുഴ ജില്ലയിൽ കുഴൽക്കിണറിൽ നിന്നുള്ള വെള്ളമാണ് ഉപയോഗിക്കുന്നത്. മിക്കവാറും എല്ലാ ജില്ലകളിലുമുള്ള വാട്ടർ സപ്ലൈ സ്കീമിലും ഉപയോഗിക്കുന്നത് കുഴൽക്കിണറിൽ നിന്നുള്ള വെള്ളമാണ്. അതിൽ സലൈനിറ്റി കൂടുതലാണ് എന്നുള്ളത് ശരിയാണ്. അത് മനസ്സിലാക്കിയതിനുശേഷമാണ് കുഴൽ കിണറിനെ മാത്രം ഡിപ്പൻഡ് ചെയ്തുള്ള ജലവിതരണ പദ്ധതി പോര, അതുകൊണ്ട് ചില പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

9342010

പദ്ധതികൾക്ക് രൂപം കൊടുക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ പമ്പാനദിയിൽ നിന്ന് വെള്ളമെടുത്ത് വിതരണം ചെയ്യുന്നതിന് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഒരു പദ്ധതിക്ക് രൂപം കൊടുത്തത്. അതുപോലെ ഹഡ്ക്കോയുടെ സാമ്പത്തിക സഹായം വഴി ആലപ്പുഴ പട്ടണത്തിൽ മാത്രം വിതരണം ചെയ്യുന്നതിന് 18 കോടി രൂപയുടെ ഒരു സ്കീം അംഗീകരിച്ചു. ഹഡ്ക്കോ അതിന് സാമ്പത്തിക സഹായം ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആ രണ്ടു പദ്ധതികളും നടപ്പിലാക്കേണ്ടത് ആവശ്യമാണന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് അക്കാര്യത്തിൽ ഗൗരവമായിത്തന്നെ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പാലോട് രവി</u> : തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലം വിതരണം ചെയ്യുന്ന ആഗ്മെന്റേഷൻ സ്കീം ഉൾപ്പെടെയുള്ള അരുവിക്കര വാട്ടർ സപ്ലൈ സ്കീം നെടുമങ്ങാട് താലൂക്കിലാണ്. അവിടെ പല പഞ്ചായത്തുകളിലും മേജർ വർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടത്തിലാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നെടുമങ്ങാട് കേന്ദ്രമാക്കി ഒരു ഡിവിഷൻ ഓഫീസ് തുടങ്ങണമെന്നും എവിടെയെങ്കിലും പണി ഇല്ലാതിരിക്കുന്ന ഡിവിഷൻ ഓഫീസ് അങ്ങോട്ട് ഷിഫ്റ്റ് ചെയ്യണമെന്നുമുള്ള നിർദ്ദേശം വാട്ടർ അതോറിറ്റിയിലും ഗവൺമെന്റിന്റെ മുമ്പിലുമുണ്ട്. ഏറ്റവും വലിയ ശുദ്ധജലവിതരണ പദ്ധതിയായ അരുവിക്കര പദ്ധതിയുൾപ്പെടെയുള്ളവയുടെ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി നിർദ്ദേശത്തിലുള്ള നെടുമങ്ങാട് കേന്ദ്രമാക്കിയുള്ള ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. വി. പി. രാമകൃഷ്ണപിള്ള</u> : ഈ നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. അതിനെസംബന്ധിച്ച് ചർച്ച ചെയ്തിട്ട് അവിടെ ഒരു ഡിവിഷൻ ഓഫീസ് തുറക്കുന്നതിന്റെ ഫീസിബിലിറ്റിയെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. എം. ദാസൻ</u> : ഗ്രാമീണ ജലവിതരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുമ്പോൾ വാട്ടർ അതോറിറ്റിയിലെ ജീവനക്കാരെ പുനർവിന്യാസം നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ? അതു സംബന്ധമായി ജീവനക്കാരുടെ സംഘടനകളുമായി കൂടിയാലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

<u>ശ്രീ. വി. പി. രാമകൃഷ്ണപിള്ള</u> : വാട്ടർ അതോറിറ്റിയിൽ നിന്ന് ജീവനക്കാരെ വിന്യസിപ്പിക്കാൻ ഇതുവരെ തീരുമാനിച്ചിട്ടില്ല. ഇപ്പോഴുള്ള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽത്തന്നെ സ്റ്റാഫിന്റെ പോരായ്മ ആ ഡിപ്പാർട്ട്മെന്റിലുണ്ട്. അതുകൊണ്ട് ഗ്രാമങ്ങളിലേയ്ക്ക് ഈ വർക്കുകൾ വിന്യസിപ്പിക്കുമ്പോൾ അതിന്റെ കൂടെ ഉദ്യോഗസ്ഥന്മാരെ

LIBRARY ARCHIVES Kerala Legislative Assembly

വിനൃസിപ്പിക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുടെ സാങ്കേതിക സഹായം നൽകൽ അല്ലാതെ ഉദ്യോഗസ്ഥന്മാരെ കൈമാറുന്ന പ്രശ്നമില്ല.

ശ്രീ. കെ. എ. ചന്ദ്രൻ : രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഒരു നിയോജകമണ്ഡലമാണ് കൊല്ലങ്കോട്. ഇതിൽ തമിഴ്നാടിനോട് തൊട്ടു കിടക്കുന്ന മുതലമട, കൊല്ലങ്കോട് പ്രദേശം വരൾച്ച മേഖലയും കൂടിയാണ്. കൊല്ലംകോട്, മുതലമട, വടവന്നൂർ പഞ്ചായത്തുകളിലേക്ക് ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ട് വർഷങ്ങളായി. ഇത് ഈ സഭയിൽ പല തവണ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിതന്നെ രണ്ടായിരാമാണ്ടിൽ ഇത് പൂർത്തിയാക്കുമെന്ന് പറയുകയും ചെയ്തിട്ടുള്ളതാണ്. കാളികാവ് ഓവർഹെഡ് ടാങ്കിന്റെ ടെണ്ടർ വിളിച്ചുവെങ്കിലും അതിന് ഇനിയും അനുമതി കിട്ടിയിട്ടില്ല. അപ്പോൾ വരൾച്ച മേഖലയിലെ കുടിവെള്ള പദ്ധതികൾക്ക് പ്രത്യേക പ്രാധാന്യം കൊടുക്കുകയും എൽ.ഐ.സി. യുടെ ധനസഹായത്തോടെ നടത്തുന്ന പുതുനഗരം, കൊടുവായൂർ പദ്ധതികൾ അതിവേഗം നടപ്പിലാക്കുകയും ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ ഉണ്ടാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇത് ഞാൻ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ശ്രീ. ദാസൻ ചോദിച്ച ചോദ്യവുമായി ബന്ധപ്പെടുത്തിയാണ് ചോദിക്കുന്നത്. ജീവനക്കാരെ മാറ്റുന്ന പ്രശ്നമില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ പദ്ധതികൾ നമ്മുടെ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുകയും അതിന്റെ നടത്തിപ്പും നിർവ്വഹണവും മറ്റു കാര്യങ്ങളും പഞ്ചായത്തിന്റെ ചുമലുകളിൽ വരികയും ചെയ്യുമ്പോൾ ജീവനക്കാർ വാട്ടർ അതോറിറ്റിയുടെ കീഴിൽ നിന്നാൽ എത്ര സാങ്കേതിക സഹായം കൊടുക്കണമെന്നു പറഞ്ഞാലും അത് അനാവശ്യമായ പ്രശ്നങ്ങൾക്കും തർക്കങ്ങൾക്കും പദ്ധതികളുടെ നിർവ്വഹണത്തിലെ പോരായ്മകൾക്കും ഇടയാകും. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ വ്യക്തതയുണ്ടാക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അവരുമായി ചർച്ച ചെയ്യുന്നതിന് വിരോധമില്ല. ഞാൻ മനസ്സിലാക്കിയിട്ടുള്ളത് അവരാരും ഇങ്ങനെ വിനൃസിപ്പിക്കുന്ന സ്ഥലത്ത് പോകാൻ തയ്യാറല്ല എന്നുള്ളതാണ്. ചർച്ചയൊക്കെ തുടരാം.

ശ്രീമതി ശോഭനാ ജോർജ് : ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് അഞ്ചു ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാനുള്ള തീരുമാനമുണ്ടായിരുന്നു. അതിന് കൺസൾട്ടൻസിയെ തീരുമാനിക്കുകയും ചെയ്തു. പക്ഷേ ആ തീരുമാനം റദ്ദാക്കി. റദ്ദാക്കിയതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; റീടെണ്ടർ വിളിച്ചിട്ടുണ്ടോ ; അത് ഗ്ലോബൽ ടെണ്ടറാണോ എന്നുള്ള വിവരം വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പുതുതായി ഗ്ലോബൽ ടെണ്ടർ വിളിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനെസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റാണ് തീരുമാനം എടുക്കേണ്ടത്. കേന്ദ്രഗവൺമെന്റ് അക്കാര്യത്തിൽ ഒരു തീരുമാനം സംസ്ഥാനഗവൺമെന്റിനെ അറിയിച്ചിട്ടില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഇവിടെ ഇപ്പോൾ ചൂണ്ടിക്കാണിച്ചതു പോലെ ജപ്പാൻ സഹായത്തോടുകൂടി തളിപ്പറമ്പ്, അഴീക്കോട്, പയ്യന്നൂർ എന്നീ നിയോജകമണ്ഡലങ്ങളിലായി 18 വില്ലേജുകൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഗവൺമെന്റ് അംഗീകരിച്ചതായിരുന്നു. ആ പദ്ധതിയുടെ ഭൂമി എടുക്കുന്ന നടപടി ഇപ്പോഴും പൂർണ്ണമായിട്ടില്ല. ഞാൻ ഒരു പ്രവാശ്യം ഈ സഭയിൽ ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും ഒരു സംയുക്ത യോഗം വിളിച്ചു ചേർത്ത് ആ നടപടി മുന്നോട്ടു കൊണ്ടുപോകുന്നതിന് ശരിയായ ദിശാബോധം അവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചതണ്. രണ്ടു മൂന്നു ജില്ലകളിൽ അതിന് ആവശ്യമുള്ള സ്ഥലം പൂർണ്ണമായി എടുത്തിട്ടില്ല എന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്ടും കണ്ണൂരും അവിടത്തെ ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടി ആ സ്ഥലം പെട്ടെന്ന് എടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭൂമി എടുക്കുന്നതിന് ചില നടപടികൾ സ്വീകരിച്ചു. ഇതുവരെ ഒ.ഇ.സി.എഫ്. പദ്ധതിക്ക് കേരളത്തിൽ 23 കോടിയോളം രൂപ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. പക്ഷേ വീണ്ടും അതിൽ പ്രശ്നങ്ങൾ വന്നപ്പോൾ ഗ്ലോബൽ ടെണ്ടർ വീണ്ടും വിളിക്കണമെന്നു പറഞ്ഞപ്പോൾ അതിനുശേഷം ഈ നടപടികൾ തുടരാം എന്നു പറഞ്ഞു. വസ്തു എടുക്കുന്ന നടപടി ഇപ്പോഴും തുടരുന്നുണ്ട്. പക്ഷേ ധൃതഗതിയിൽ തുടരുന്നുണ്ടോ എന്നു പരിശോധിച്ചിട്ടില്ല.

ശ്രീ. എ. കെ. ആന്റണി : ജപ്പാൻ സഹായത്തോടെയുള്ള പദ്ധതിയുടെ ഭാഗമായി ചേർത്തല കുടിവെള്ള പദ്ധതിയുടെ സ്ഥലമെടുപ്പ് ഇപ്പോൾ എവിടെ വരെയായി ; അത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കുറച്ചു സ്ഥലം കൂടി എടുക്കാനുണ്ട്. പൂർണ്ണമായി എടുത്തിട്ടുണ്ടെന്നു എനിക്ക് തോന്നുന്നില്ല. എന്തായാലും അങ്ങ് ഇത് ചോദിച്ച സ്ഥിതിക്ക് ഇത് പ്രത്യേകം പരിശോധിച്ച് വിവരം അങ്ങയെ എഴുതി അറിയിക്കുന്നതാണ്.

വൈദ്യുതി അപകട ഇൻഷ്വറൻസ് പദ്ധതി

2 (*32) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly